# പതിനാലാം കേരള നിയമസഭ
# (പതിനൊന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1563** **07.06.2018-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മുൻസർക്കാരിന്റെ കാലത്ത് മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ഏറ്റെടുത്ത സ്ഥലത്ത് ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്നത് സംബന്ധിച്ച നടപടികൾ വിശദമാക്കാമോ; | എ) തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ വില്ലേജിൽ 3.5 ഏക്കർ സ്ഥലം മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പിന് കൈമാറാൻ 18.02.2016-ന് റവന്യൂ വകുപ്പ് ഉത്തരവായിരുന്നുവെങ്കിലും ഫിഷറീസ് വകുപ്പിന് സ്ഥലം കൈമാറികിട്ടിയിരുന്നില്ല.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത സ്ഥലം ഫിഷറീസ് വകുപ്പിന് കൈമാറി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും, വലിയതുറയിലെ സ്വീവേജ് ഫാമിലെ കാഷ്വൽ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന വിഷയം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ധാരണയാകുകയും അതിനുശേഷം സ്ഥലം അളന്ന് ഫിഷറീസ് വകുപ്പിന് ലഭിക്കുകയും ചെയ്തു. തുടർന്ന് 04/01/2017-ന് ബഹു. മുഖ്യമന്ത്രി കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ ഉദ്ഘാടനം നിർവ്വഹിച്ചു. മുട്ടത്തറ വില്ലേജിൽ റവന്യൂ വകുപ്പിൽ നിന്നും കൈമാറി കിട്ടിയ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് സമുച്ചയ നിർമ്മാണം പൂർത്തീകരിച്ചു. ചുറ്റുമതിൽ, ഡ്രെയിനേജ് നിർമ്മാണം തുടങ്ങിയ പ്രവർത്തികൾ അതിവേഗം പുരോഗമിക്കുന്നു.<br><br>തിരുവനന്തപുരം ജില്ലയിൽ കാരോട് വില്ലേജിൽ ഫിഷറീസ് വകുപ്പ് ഏറ്റെടുത്ത 105.55 ആർ സ്ഥലത്ത് 128 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ |

| | |
|---|---|
| | പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് സമുച്ചയ നിർമ്മാണം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. പദ്ധതിയ്ക്കായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കിയ 1280 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതിയ്ക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നൽകിയിരിക്കുകയാണ്. |
| ബി) ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കി അർഹരായവർക്ക് എപ്പോഴത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വിശദമാക്കുമോ? | ബി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. മുട്ടത്തറയിലെ ഫ്ളാറ്റ് സമുച്ചയത്തിലെ ഇന്റേണൽ റോഡുകൾ, ചുറ്റുമതിൽ, സ്വീവേജ്, ഡ്രെയിനേജ് എന്നിവയുടെ നിർമ്മാണം അതിവേഗം പുരോഗമിച്ചു വരുന്നു. ആയത് പൂർത്തിയാക്കുന്ന മുറയ്ക്ക് ഫ്ലാറ്റുകൾ ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകുന്നതാണ്. |

**സെക്ഷൻ ആഫീസർ**